**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1773** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഐ.എച്ച്.ആർ.ഡി. യിൽ നഴ്സിംഗ് കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിൽ നിലവിലുള്ള കോഴ്സുകളിലേക്ക് ആവശ്യമായ പ്രവേശനം ഇല്ലാത്തതിനാൽ ബി.എസ്.സി നഴ്സിംഗ് കോഴ്സ് അനുവദിക്കുന്നതിന് നിർദേശം സമർപ്പിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; | (എ) | ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ നിബന്ധനകൾ പ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കി നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നൽകാൻ ഐ.എച്ച്.ആർ.ഡി ക്ക് നിർദേശം നൽകിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി തുടർനടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സ്ഥാപനം നിലനിൽക്കേണ്ട സാഹചര്യത്തിൽ ഭാവി സാധ്യതകൾ കൂടി പരിഗണിച്ചു കൊണ്ടുള്ള കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നു വ്യക്തമാക്കുമോ; | (ബി) | ആരോഗ്യ സർവകലാശാലയുടെയും നഴ്സിംഗ് കൗൺസിലിന്റെയും നിബന്ധനകൾക്ക് വിധേയമായി കോഴ്സുകൾ അനുവദിക്കാൻ ആരോഗ്യ കുടുംബ ക്ഷേമവകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (സി) | ഇത്തരം കോഴ്സുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) | ആരോഗ്യ സർവകലാശാലയുടെയും നഴ്സിംഗ് കൗൺസിലിന്റെയും നിബന്ധനകൾക്ക് വിധേയമായി കോഴ്സുകൾ അനുവദിക്കാൻ ആരോഗ്യ കുടുംബ ക്ഷേമവകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ